GOVERNMENT OF KERALA

AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

FARM INFORMATION BUREAU

Kowdiar, Thiruvananthapuram - 695003

Website: fibkerala.gov.in

E-mail:piofibtvm@gmail.com

Telephone: 0471 - 2318186, 2317314

Editor Farm News - Dr. Amritha V.S

എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 18/10/2026

1. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ-പഠന കേന്ദ്രം നവംബർ 16 ന് ആരംഭിക്കുന്ന "Post-Harvest Management & Marketing of Fruits & Vegetables" എന്ന ഓൺലൈൻ പഠന സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. ആറു മാസമാണ് കോഴ്സിന്റെ ദൈർഘ്യം. ഇംഗ്ലീഷ് ഭാഷയാണ് പഠന മാദ്ധ്യമം. 50% മാർക്കോടുകൂടി SSLC / തത്തുല്ല്യ വിദ്യാഭ്യാസമാണ് ഏറ്റവും കുറഞ്ഞ യോഗ്യത.

താല്പര്യമുള്ളവർ www.celkau.in എന്ന വെബ്സൈറ്റിലെ 'ഇ-കൃഷി പാഠശാല' മുഖേന രജിസ്ട്രഷൻ ചെയ്യാവുന്നതാണ്. ഡിസംബർ 16 ന് ശേഷം പുതിയ രജിസ്ട്രഷേനുകൾ സ്വീകരിക്കുന്നതല്ല. കൂടുതൽ വിവരങ്ങൾ www.celkau.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. സംശയങ്ങൾക്ക് celkau@gmail.com ലേക്ക് ഇ-മെയിൽ ആയോ 04872438567, 8547837256 എന്നീ ഫോൺ നമ്പറുകളിലോ ബന്ധപ്പെടാവുന്നതാണ്.

2. കേരള കാർഷിക സർവകലാശാലയുടെയും സാമൂഹിക സുരക്ഷാ മിഷന്റെയും സംയുക്താഭിമുഖ്യത്തിൽ ഭിന്നശേഷിക്കാരായ കുട്ടികൾക്കായി, അമ്പലവയൽ കൃഷി വിജ്ഞാന കേന്ദ്രത്തിൽ വെച്ച് നടത്തുന്ന 6 മാസത്തെ സൗജന്യ ഹോട്ടികൾച്ചറൽ തെറാപ്പി പരിശീലന കോഴ്സിലേയ്ക്കുള്ള അപേക്ഷ ക്ഷണിച്ചു. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയ്യതി ഒക്ടോബർ 29. 18 വയസിനു മുകളിലുള്ള ഭിന്നശേഷിക്കാരായ കുട്ടികൾക്ക് അപേക്ഷിക്കാം. പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് പ്രതിദിന സ്റ്റൈപ്പന്റും ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് 7306195043, 7306465654 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

3. കാർഷിക മേഖലയിലെ ഒരുലക്ഷം യുവജനങ്ങൾക്ക് തൊഴിൽ അവസരങ്ങൾ ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ കൃഷി വകുപ്പ്

നടപ്പാക്കുന്ന പ്രത്യേക തൊഴിൽദാന പദ്ധതിയിൽ അംഗങ്ങളായിട്ടുള്ളവർക്ക് പദ്ധതിയുടെ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനായി AIMS പോർട്ടലിലെ രജിസ്ട്രേഷൻ നടപടികൾ ഒക്ടോബർ 31-നകം പൂർത്തിയാക്കണം. നിശ്ചിത സമയപരിധിക്കുള്ളിൽ രജിസ്റ്റർ ചെയ്യാത്ത അംഗങ്ങൾക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിൽ കാലതാമസം നേരിടാൻ സാധ്യതയുള്ളതിനാൽ എല്ലാ അംഗങ്ങളും അടിയന്തരമായി രജിസ്ട്രേഷൻ ഉറപ്പാക്കണമെന്ന് കൃഷി ഡയറക്ടറേറ്റ് അറിയിച്ചു. കൃഷിവകുപ്പിന്റെ ഔദ്യോഗിക പോർട്ടലായ AIMS-ൽ ഇതുവരെ രജിസ്റ്റർ ചെയ്യാത്ത നിലവിലുള്ള പദ്ധതി അംഗങ്ങൾ എത്രയും വേഗം അതാത് കൃഷിഭവനുമായി ബന്ധപ്പെട്ട് ആവശ്യമായ വിവരങ്ങളും രേഖകളും നൽകി രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കേണ്ടതാണ്.

4. ക്ഷീരവികസന വകുപ്പിന്റെ കീഴിലുള്ള NABL Accreditation ലഭിച്ച സ്റ്റേറ്റ് ഡയറി ലാബിൽ പാൽ, പാലുല്പന്നങ്ങൾ, കുടിവെള്ളം, കാലിത്തീറ്റ, കാലിത്തീറ്റ ഉൽപ്പാദിപ്പിക്കാൻ ഉപയോഗിക്കുന്ന അസംസ്കൃത വസ്തുക്കൾ, ധാന്യങ്ങൾ, പഴവർഗ്ഗങ്ങൾ എന്നീവയുടെ കെമിക്കൽ, മൈക്രോബയോളജി പരിശോധനക്കുള്ള സൗകര്യം പൊതുജനങ്ങൾക്ക് ഉപയോഗപ്പെടുത്താവുന്നതാണ്. പാൽ,

പാലുല്പന്നങ്ങൾ എന്നിവയുടെ FSSAI പ്രകാരമുള്ള കെമിക്കൽ പരിശോധന, ഭക്ഷ്യവിഭവങ്ങൾ, കുടിവെള്ളം, പാൽ, പാലുല്പന്നങ്ങൾ, എന്നിവയുടെ മൈക്രോബയോളജി പരിശോധനകളിലും പരിശീലനം നൽകുന്നു. പരിശോധനകൾക്കും പരിശീലനങ്ങൾക്കും സർക്കാർ അംഗികൃത നിരക്കുകളും ഇടാക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 9495592514/ 0471-2440074 എന്നീ ഫോൺ നമ്പറിൽ ബന്ധപ്പെടുക.

5. കണ്ണൂർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ **കാട വളർത്തൽ എ**ന്ന വിഷയത്തിൽ **ഒക്ടോബർ 24 ന്** മൃഗസംരക്ഷണ പരിശീലന കേന്ദ്രം കണ്ണൂരിൽ വച്ച് പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. കൂടുൽ വിവരങ്ങൾക്കും രജിസ്ട്രേഷനുമായി 0497 2763473 എന്ന നമ്പറിൽ ബന്ധപ്പെടുക.